12-4-2010-ൽ ടെണ്ടർ ചെയ്തു.

കോൺട്രാക്ടർ മെസ്സേഴ്സ് കെ.എസ്.സി., 44.10% അധികരിച്ച നിരക്കിൽ

5. കണമല ബ്രിഡ്ജ്

5-6-2009-ൽ 28 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി (ടെണ്ടർ ചെയ്തിട്ടില്ല)

(സി) പ്ലാപ്പള്ളി - ചലക്കയം റോഡ്, കണമല ഇലവുംകൽ റോഡ്, മണ്ണാറക്കുളഞ്ഞി-പമ്പ റോഡ് എന്നീ പ്രവൃത്തികളുടെ ടെണ്ടറുകൾ അംഗീകരിക്കുന്നതിനായി 20-10-2010-ൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും 27-11-2010-ൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി - എരുമേലി പ്രവൃത്തി സംബന്ധിച്ച് 8-9-2010-ൽ ധനകാര്യ വകുപ്പിലേക്ക് അയച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി-എഫ്) ടെണ്ടറിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സൈക്കിൾവേ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

142 (2242) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽഹൈവേ, പ്രധാന ജില്ലാ റോഡുകൾ, പ്രധാന പട്ടണങ്ങളിലെ റോഡുകൾ എന്നിവയോട് ചേർന്ന് സൈക്കിൾവേ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല വിദേശ രാജ്യങ്ങളിലും ഇത്തരം പാതകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഇക്കോ ഫ്രണ്ടിലി ആയിട്ടുള്ള സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എണ്ണശേഖരം ശോഷിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാരന്റെ വാഹനത്തിന് അപകടരഹിതമായി സഞ്ചരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്

(സി) പരിശോധിക്കുന്നതാണ്

(ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly